പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2795 18/06/2018-ൽ മറുപടിക്ക്

## സമഗ്ര ശിക്ഷ പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. എ.പി.അനിൽ കുമാർ: | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) പ്രീ-പ്രൈമറി മുതൽ ഹയർ സെക്കന്ററി വരെ ഒറ്റ സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി അഞ്ച് കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം എസ്.എസ്.എ യും ആർ.എം.എസ്.എ യും ലയിപ്പിച്ച് സമഗ്ര ശിക്ഷ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രൈമറി തലം മുതൽ സെക്കണ്ടറി തലം വരെയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം എസ്.എസ്.എ, ആർ.എം.എസ്.എ എന്നീ പദ്ധതികൾ സംയോജിപ്പിച്ച് 'സമഗ്ര ശിക്ഷാ അഭിയാൻ' എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി തീരുമാനമായിട്ടുണ്ട്. |
| (ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത്; ഇതിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ട്. | (ബി) നിലവിലുള്ള സൊസൈറ്റികൾ പിരിച്ചുവിടുന്നതിനും പുതിയ സൊസൈറ്റി രൂപീകരിക്കുന്നതിനും ഇതിനായി മെമ്മോറാണ്ടം ഓഫ് അസോസിയേഷനും റൂൾസ് ആന്റ് റെഗുലേഷൻസ് തയ്യാറാക്കുന്നതിനുമാണ് ഉദ്ദേശിച്ചിട്ടുള്ളത്. പ്രൈമറി തലം മുതൽ സെക്കന്ററി തലംവരെയുള്ള പ്രവർത്തനങ്ങൾ ഒരു സംവിധാനത്തിൻ കീഴിൽ വരുന്നതോടെ ലാബ്, പഠനോപകരണങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പങ്കുവയ്ക്കുവാൻ സാധിക്കുന്നതുവഴി അക്കാദമിക് നിലവാരം ഉയർത്താനാകും. കൂടാതെ അദ്ധ്യാപക പരിശീലനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കും. കുട്ടികളുടെ പഠനനേട്ടങ്ങൾ ക്രമാനുഗതമായി വിലയിരുത്തി ആവശ്യമായ പരിഹാര പോഷണ പ്രവർത്തനങ്ങൾ നൽകാൻ കഴിയും.<br>കേന്ദ്ര സർക്കാരിൽ നിന്നും പദ്ധതി അംഗീകരിച്ച് കൊണ്ട് ഔദ്യോഗിക അറിയിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. |
| (സി) കഴിഞ്ഞ വർഷം എസ്.എസ്.എ യിലും ആർ.എം.എസ്.എ യിലുമായി അനുവദിച്ചിരുന്ന തുകയിൽ നിന്നും വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) ബാധകമല്ല. |

(ഡി) മാനസികമായി വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള അദ്ധ്യാപകരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഈ വിഭാഗത്തിൽപ്പെട്ട അഞ്ച് കുട്ടികളിൽ കൂടുതലുള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?.

(ഡി) മാനസികമായി വെല്ലുവിളി നേരിടുന്ന 5 കുട്ടികളെങ്കിലും ഉള്ള സ്കൂളുകളിൽ ഒരു അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കാനാണ് സംസ്ഥാനം എം.എച്ച്.ആർ.ഡി ക്ക് പദ്ധതി സമർപ്പിച്ചിട്ടുള്ളത്.

സെക്ഷൻ ഓഫീസർ